Draft #4 of File 73418/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 01-Jan-2021 10:08 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റി യോഗ ശിപാർശകൾ - അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 5/AC A 5/2021/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2021

---

*പരാമർശം:*-13/11/2020 - ന് കൂടിയ സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റി യോഗം മിനുട്സ് .

**ഉത്തരവ്**

മേൽ പരാമർശപ്രകാരം കൂടിയ സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റി യോഗം താഴെ പറയുന്ന ശിപാർശകൾ കൈകൊണ്ടിരുന്നു .

1. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ 2016-2018 ബാച്ച് എം ടെക് വിദ്യാർത്ഥിനിയായിരുന്ന ശ്രീ . വിനു തോമസ് (രജി.നം. 101666 ) പരാജയപെട്ട വിഷയങ്ങൾ പുനഃപരീക്ഷയെഴുതാൻ അനുവദിക്കണമെന്ന് കാണിച്ചു സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ 2019 സെപ്റ്റംബർ മാസം പുന:പരീക്ഷ എഴുതിയിട്ടും അപേക്ഷകൻ വിജയിക്കാത്ത SKS MII C 1662 - Algorithms and Complexity", "SKS MII E 1664 A - Data Compression" എന്നീ രണ്ടു വിഷയങ്ങളിൽ മാത്രമായി ടിയാന് ബാധകമായ റെഗുലേഷൻസ് സ്കീം , സിലബസ് ക്രമത്തിൽ പ്രത്യേകാനുമതി എന്ന നിലയിൽ ഒറ്റതവണത്തേക്ക് സർവകലാശാല ഈടാക്കുന്ന നിയമാനുസൃതമായ ഫീസ് ഒടുക്കി അപേക്ഷകന് പരാജയ വിഷയങ്ങൾ മാത്രം പരീക്ഷ എഴുതാൻ അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തു

2. School of Pedagogical Sciences - ലെ 2018 - 2019 ബാച്ച് എം.ഫിൽ പ്രോഗ്രാം വിദ്യാർത്ഥി ആയിരുന്ന Sri. Romy Mathew - ഒന്നാം സെമസ്റ്റർ പഠനം പൂർത്തിയാകാത്തതിനാൽ ഫെല്ലോഷിപ്പിനു അർഹനാണോ എന്നതിൽ വ്യക്തത ആവശ്യപ്പെട്ട് വകുപ്പുമേധാവി സമർപ്പിച്ച അപേക്ഷയിന്മേൽ , ശ്രീ. റോമി മാത്യുവിന് ഫെല്ലോഷിപ്പ് അനുവദിച്ചു പുറപ്പെടുവിച്ച സർവകലാശാല ഉത്തരവിലെ (യു .ഓ.നം 2243/ACA5/2020/എം.ജി.യു , തീയതി 29.05.2020 ) "ടിയാൾക്കു നൽകി വരുന്ന ഫെല്ലോഷിപ്പ് തുടർന്ന് നൽകുന്നതിനും" എന്ന വ്യവസ്ഥ ഒഴിവാക്കി പ്രസ്തുത ഉത്തരവ് പരിഷ്കരിക്കുന്നതിനു സമിതി ശിപാർശ ചെയ്തു. ശ്രീ. റോമി മാത്യു , ടി യാൾ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ ഹാജരാകാതിരുന്ന SPSPD1C0301 - Philosophical Bases of Education എന്ന കോഴ്സ് തൊട്ടടുത്ത ബാച്ചിനൊപ്പം എഴുതുന്നതിനു അനുവദിക്കുന്നതിനും , പ്രസ്തുത പരീക്ഷ വിജയിച്ചതിനു ശേഷം മാത്രം രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ഭാഗമായ ഡെസ്സേർറ്റേഷൻ സമർപ്പിച്ചു

വൈവ പരീക്ഷ നേരിടുന്നത് അനുവദിച്ചും സമിതി ശിപാർശ ചെയ്തു .

3. ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റെൻഷൻ (DLLE)- M.A Counselling Programme - സിലബസ് - അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത സി.എസ്.എസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്തു .

4. സർവകലാശാലയുടെ പഠന വകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും പി ജി പ്രവേശനയോഗ്യത പ്രോസ്പെക്ടസിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് വിശദമായ ചർച്ച നടത്തുന്നതിലേക്ക് വകുപ്പുമേധാവികളുടെ യോഗം അടിയന്തിരമായി വിളിച്ചു ചേർക്കുന്നതിനു അക്കാദമിക് - ബി 7 സെക്ഷനെ ചുമതലപെടുത്തുവാൻ ശിപാർശ ചെയ്തു .

സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റിയുടെ മേൽ ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1. എല്ലാ പഠന വകുപ്പ്/ സെന്റർ മേധാവികൾ
2. പി.എസ് ടു വി.സി / പി.എസ് ടു പി.വി.സി
3. പി.എ ടു രജിസ്ട്രാർ / സി.ഇ
4 . എ.ആർ 3 (അക്കാദമിക്) / ഡി.ആർ 2 (അക്കാദമിക് )/ ജെ.ആർ 2 (ഭരണം)
5 . സി.എസ്.എസ് / ഇ.ബി. സെക്ഷൻസ് / എ.സി.എ 12 / എ.സി.സി 1 / 2 / എ.സി.എ.1/ എ.സി.ബി 7
6 .കണ്ടെന്റ് മാനേജ്മെന്റ് / ഐ.ക്യു.എ.സി / എ.സി.എൽ

Draft #4 of File 73418/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 01-Jan-2021 10:08 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം